കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2015-16

തൃശ്ശൂർ ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:.dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ (പി5 )2227/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
ഇ-മെയിൽ -www.lfa.kerala.gov.in

ഫോൺ-0487 2331249

തീയതി 6-1-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

എരുമപ്പെട്ടി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി5)2227/16 തിയ്യതി : 6-1-2017

# തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ 2016 സെപ്റ്റംബർ 30 വരെയുള്ള വരവ് ചെലവ് കണക്കുകളുടെ വിശദമായ പരിശോധന പെർഫോമൻസ് ഓഡിറ്റ് വിഭാഗം പരിശോധിച്ച് 20-11-16ന് റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പഞ്ചായത്ത് 1-4-15 മുതൽ 31-3-16 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ

അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയിൽ പ്രസക്തമായ അപാകതകളൊന്നും റിപ്പോർട്ട് ചെയ്യിട്ടില്ലാത്തതിനാൽ താഴെ പറയുന്ന രശീതികളുടെ പരിശോധനയും 31 മാർച്ച് 2016 മാസത്തെ വിവിധ അക്കൌണ്ടുകളിലെ പിൻവലിക്കലുകളും മാത്രമാണ് ഓഡിറ്റിൽ പരിശോധിച്ചിട്ടുള്ളത്.

| പരിശോധിച്ച രശീതികൾ | ഉപയോഗിച്ച ആകെ രശീതികളുടെ എണ്ണം. |
|---|---|
| ബുക്ക് നം. 27609 മുതൽ 27622 വരെ | 1078 |

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണം കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ഓഡിറ്റ് റിപ്പോർട്ട് /ഗ്രാമപഞ്ചായത്തിൻെറ തീരുമാനം എന്നിവയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. കെ. യു. ചേക്കുട്ടി<br>ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 26-11-16 മുതൽ 6-12-16 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ വിവരം, വിവിധ നിർവ്വഹണാധികാരികൾ എന്നിവയുടെ വിവരം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീ.എം.എൽ. അഗസ്റ്റിൻ | ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീ. ജയകൃഷ്ണൻ .എസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീ. ജോമോൻ.ഇ.കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ഷാജൻ കുണ്ടന്നൂർ | 1.4.15മുതൽ 5.6.2015 വരെ |
| | ശ്രീമതി.സെഫീന അസീസ് (ആക്ടിംഗ് പ്രസിഡന്റ് ) | 6.6.2015 മുതൽ 23.6.2015 വരെ |
| | ശ്രീമതി.സിജി ജോൺസൺ | 24.6.2015 മുതൽ 31.10.15 വരെ |
| | ഭരണ നിർവ്വഹണ കമ്മിറ്റി | 1-11-15 മുതൽ 18-11-15 വരെ |
| | ശ്രീമതി.മീന ശലമോൻ | 19.11.2015 മുതൽ 31.3.2016 വരെ |
| സെക്രട്ടറി | പി.എസ്.ശശിധരൻ (അസിസ്റ്റന്റ് സെക്രട്ടറി) സെക്രട്ടറി ഇൻ ചാർജ്ജ് | 1-4-15 മുതൽ 29-7-15 വരെ |
| | പി. കെ. വിജയകുമാരി | 30-7-15 മുതൽ 8-10-15 വരെ |
| | ശ്രീമതി.വൃന്ദ.വി. (അസിസ്റ്റന്റ് സെക്രട്ടറി) സെക്രട്ടറി ഇൻ ചാർജ്ജ് | 09.10.2015 മുതൽ 20.01.2016 വരെ |
| | ശ്രീ.എൻ.ഹരികുമാർ | 21.1.16 മുതൽ 31.3.2016 വരെ |

നിർവ്വഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| അസി.സെക്രട്ടറി | ശ്രീ.പി.എസ്.ശശിധരൻ | 1.4.2015- 20.8.2015 |
| | ശ്രീമതി.വൃന്ദ.വി. | 20.8.15 – 31.3..16 |
| കൃഷിഓഫീസർ | ശ്രീമതി. ബിജി. കെ.ആർ | 01.04.15– 31.03.2016 |
| അസിസ്റ്റന്റ് എൻജിനിയർ | ശ്രീമതി.ഷൈന.എം.ജി | 1.4.15 - 31.3.16 |
| മെഡിക്കൽഓഫീസർ, പി.എച്ച്.സി | ഡോ.ടോണി.കെ | 1.4.2015- 31.3.2016 |
| മെഡിക്കൽഓഫീസർ, ആയുർവ്വേദം | ഡോ.സ്മിനി.ജെ.മൂഞ്ഞേലി | 1.4.2015- 31.3.2016 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ലാലി.വി.ടി. | 1.4.2015- 31.3.2016 |
| വെറ്ററിനറിസർജൻ | ഡോ.കുരിയാക്കോസ് അലോഷ് പീറ്റർ | 1.4.2015- 31.3.2016 |
| വി.ഇ.ഒ സർക്കിൾ | ശ്രീ.പ്രസൂൺ പവിത്രൻ (കുണ്ടന്നൂർ സർക്കിൾ) | 1.4.2015- 31.3.2016 |
| വി.ഇ.ഒ സർക്കിൾ | ശ്രീ.ഷാജു.എം.എ (എരുമപ്പെട്ടി സർക്കിൾ) | 1.4.2015- 31.3.2016 |
| പ്രധാനാധ്യാപിക | ശ്രീമതി.മധുബാല | 1.4.2015- 31.3.2016 |

## ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1(1) | |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) | |
| 4 | സാമ്പത്തിക വിശകലനം | 1(4) | |
| 5 | ഫണ്ട് വിനിയോഗം | 1(5) | |
| 6 | പദ്ധതി അവലോകനം | 1(6) | |
| 7 | തനത് വരുമാനം | 1(7) | |
| 8 | ക്ഷേമപദ്ധതികൾ | 1(8) | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) | |

ഭാഗം-II

വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമനം. | ഇനം | ഖണ്ഡിക നം |
|---|---|---|
| 1 | തൊഴിൽ നികുതി അടവാക്കിയിട്ടില്ല | 2(1) |
| 2 | കുടിശ്ശിക വാടക ഈടാക്കേണ്ടതാണ് | 2(2) |
| 3 | വാടക കുടിശ്ശിക അപാകതകൾ | 2(3) |

ഭാഗം-III

ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | തെരുവുവിളക്കുകൾക്ക് കുറഞ്ഞ താരിഫ് പ്രയോജനപ്പെടുത്തുന്നില്ല | 3(1) |
| 2 | എസ്.സി.കോളനികളിൽ സി.എഫ്.എൽ റിപ്പയറിംഗ്<br>പദ്ധതിയിലെ അപാകതകൾ | 3(2) |
| 3 | വിനിയോഗ സർട്ടിഫിക്കറ്റ് ഇല്ല | 3(3) |

| | | |
|---|---|---|
| 4 | സെക്രട്ടറിയുടെ പ്രോജക്റ്റുകളിലെ അപാകതകൾ. | 3(4) |
| 5 | കമ്പ്യൂട്ടർ വാങ്ങൽ-അപാകതകൾ. | 3(5) |
| 6 | ആയുർവ്വേദ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള പദ്ധതികളിലെ അപാകതകൾ. | 3(6) |
| 7 | ഡെപ്പോസിറ്റ് പ്രവർത്തികൾ പൂർത്തീകരിച്ചിട്ടില്ല. | 3(7) |
| 8 | പഞ്ചായത്തോഫീസ് നവീകരണം-രേഖകൾ ഹാജരാക്കാത്തത് | 3(8) |
| 9 | കോൺക്രീറ്റ് റോഡ് പ്രവൃത്തി-അനുവദനീയമായതിലും കനത്തിൽ ചെയ്തത് | 3(9) |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4(8) |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(9) |

# ഭാഗം 1

# പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| 2015-16 ലെ ബജറ്റ് പാസ്സാക്കിയ തീരുമാനം നം./തിയ്യതി | നം.1തീയ്യതി : 4.3.16 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 30.7.16 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

1. വസ്തു നികുതി, തൊഴിൽ നികുതി എന്നിവയുടെ ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ, ഡി ആന്റ് ഒ ലൈസൻസ്, ബിൽഡിംഗ് പെർമിറ്റ് എന്നിവ ഉൾപ്പെടെയുള്ള ഒരു വരവിനങ്ങളുടെയും ഡി സി ബി കണക്കാക്കിയത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷത്തിൽ നടത്തിയ സ്റ്റോർ പർച്ചേസുകളുടെ മൂല്യം, ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് ഒരു സ്റ്റോക്ക് റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.

3. നാളിതുവരെയുള്ള ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

കൂടുതലായി കണ്ടെത്തിയ അപാകതകൾ നടപടികൾ സ്വീകരിക്കേണ്ട വിഷയങ്ങൾ എന്നിവ താഴെപ്പറയും പ്രകാരമാണ്.

1)RP-40(a)bank എന്ന ഷെഡ്യൂൾ പ്രകാരം 31.3.15 പ്രകാരം അക്കൗണ്ട്സിലെ (ഹെഡ്-450230101) തുക 5520475/ രൂപയും (എരുമപ്പെട്ടി സർവ്വീസ് സഹകരണ ബാങ്കിലെ അക്കൗണ്ട് നം.3739). ബാങ്ക് പാസ് ബുക്ക് പ്രകാരമുള്ള ബാലൻസ് തുക 5525686.37 രൂപയും ആണ്. എന്നാൽ റിക്കൺസിലിയേഷൻ നടത്തിയിട്ടുള്ളത് 5520475 രൂപയുമായിട്ടാണ്. പാസ് ബുക്കിൽ തുക തിരുത്തി 5520475 രൂപയാക്കിയിട്ടുണ്ട്. തിരുത്തൽ വരുത്തിയ തുകയുമായി അക്കൗണ്ട്സിലെ തുക(വ്യത്യാസം-5211.37 രൂപ)പൊരുത്തപ്പെടുത്താത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2)മേൽപ്പറഞ്ഞ ഷെഡ്യൂളിലെ VPFA-IV(CFC AWARD GRANT TRY PB NO. STSB-713051400000006) ൽ നിന്ന് 175000/- രൂപ ചെലവ് ചെയ്യേണ്ടതിനു പകരം VPFA-2 വിൽ(നോർമൽ ഷെയർ) നിന്ന് തുക ചെലവഴിച്ചിട്ടുണ്ട്. ട്രഷറിയിൽ നിന്നുണ്ടായ പിഴവു കാരണമാണ് ഇപ്രകാരം സംഭവിച്ചതെന്നും ഇതറിയിച്ചു കൊണ്ട് ട്രഷറിയിലേക്ക് കത്തു നല്കിയിട്ടുണ്ട് എന്നും വിവരം ലഭ്യമാക്കിയിരുന്നുവെങ്കിലും നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

3)സാക്ഷരതയുടെ അക്കൗണ്ടിൽ 31.3.16 പ്രകാരം 2029 രൂപയും(അക്കൗണ്ട് നം.4906) പൈക്ക(A/C NO.67095507524 SBT) അക്കൗണ്ടിൽ 29826 രൂപയും നീക്കിയിരുപ്പുണ്ട്. VPF-II അക്കൗണ്ടിൽ 10 ലക്ഷം രൂപ ബ്ളോക്ക് ഷെയർ നീക്കിയിരുപ്പുണ്ട്. തുകയുടെ വിശദവിവരം ലഭ്യമാക്കേണ്ടതാണ്.

4)ആശ്രയ അക്കൗണ്ടിൽ (അക്കൗണ്ട് നം-5450) 31.3.16 പ്രകാരമുള്ള തുക 1748970 രൂപയാണ്.ഇത്രയും വലിയ തുക ചെലവാക്കാതെ നീക്കിയിരുപ്പുണ്ടായതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

5)എരുമപ്പെട്ടി സർവ്വീസ് സഹകരണ ബാങ്കിലെ അക്കൗണ്ട് നം.6725ൽ 26.3.2010ലെ 10024903 നം ചെക്ക് പ്രകാരം 500000/-രൂപ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ നാളിതു വരെ ഈ അക്കൗണ്ടിൽ നിന്ന് ഒരു തുകയും ചെലവഴിച്ചിട്ടില്ല. 31.3.16ൽ 1302575 രൂപ നീക്കിയിരുപ്പുണ്ട്. എം.എൻ.ലക്ഷം വീട് പദ്ധതിക്കായി ചെലവഴിക്കേണ്ട തുക എന്നാണ് വിവരം നല്കിയിട്ടുള്ളത്. ഈ തുകയുടെ സ്രോതസ്സ് സംബന്ധിച്ച് വിശദീകരണം നല്കേണ്ടതാണ്.

കൂടാതെ പഞ്ചായത്ത് പ്രസിഡന്റ്, വി.ഇ.ഒ എന്നിവരുടെ ജോയിന്റ് അക്കൗണ്ടിൽ ഇത്രയും വലിയ തുക ചെലവഴിക്കാതെ സൂക്ഷിക്കുവാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.4/2.12.2016 നല്കിയിട്ടുണ്ട്. വിശദീകരണം തൃപ്തികരമല്ല.)

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 35356487 |
| വരവ് | 39007995 |
| ആകെ | 74364482 |
| ചെലവ് | 56792700 |
| നീക്കിബാക്കി | 17571782 |

# 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിബാക്കി(RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 5058641 | 10151947 | 15210588 | 10184539 | 5026049 | 0 |
| വികസന ഫണ്ട്(എസ്.സി.പി) | 4940042 | - | 4940042 | 1032083 | 3907959 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 2757345 | 0 | 2757345 | 2757345 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 2613201 | 0 | 2613201 | 2613201 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 2036532 | 2364188 | 4400720 | 1675162 | 2725558 | 0 |
| ലോക ബാങ്ക് സഹായം | 3518430 | 0 | 3518430 | 3518430 | 0 | 0 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതിഅടങ്കൽ | നടപ്പാക്കിയത് | പദ്ധതിച്ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 176 | 64205215 | 143 | 38053434 | 7 | 26 | 81.25% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി | 4 | 4 | 3432968 | 2026375 | 59.02 |
| വെറ്ററിനറി സർജൻ | 4 | 2 | 2800000 | 575000 | 20.53 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 1 | 1 | 550000 | 550000 | 100 |
| ലേഡിവില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ/വില്ലേജ് എക്സ്റ്റൻഷൻഓഫീസർ | 3 | 3 | 2140000 | 2122500 | 99.18 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 3 | 3 | 800000 | 799996 | 99.99 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 6 | 6 | 2298613 | 1954346 | 85.02 |
| സെക്രട്ടറി | 16 | 10 | 4229127 | 1682929 | 39.79 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 128 | 108 | 41025076 | 26265438 | 64.02 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 7 | 6863850 | 2076850 | 30.25 |

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3710807 | 2959660 | (-)751149 | (-) 20% |
| നികുതിയേതര വരവുകൾ | 2538599 | 1404334 | (-)1134265 | (-)44.68% |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | 67143 | 64495 | (-)2648 | (-)3.94% |
| ആകെ | 6316549 | 4428429 | 1888120 | (-) 29.89% |

## 1-8 ക്ഷേമപദ്ധതികൾ

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 20 | 20 | ഇല്ല | ഇല്ല |

| | | | | | |
|---|---|---|---|---|---|
| 2 | തൊഴിൽ രഹിത വേതനം | 152 | 150 | 2 | " |
| 3 | വിധവാ പെൻഷൻ | 159 | 159 | ഇല്ല | " |
| 4 | വികലാംഗ പെൻഷൻ | 23 | 21 | 2 | " |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 22 | 22 | ഇല്ല | " |
| 6 | വാർദ്ധക്യകാല പെൻഷൻ | 316 | 316 | ഇല്ല | " |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 2.12.16 3.30 പി.എം. ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 5205 രൂപ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 16.11.2016 | ഒക്ടോബർ 2016 | 24.11.2016 | |
| 2 | അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 8.09.2009 | 2004-05 മുതൽ 2008-2009 വരെ | 30.10.2007 | |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ലെന്ന് കാണുന്നു.

1. ബി.എസ്.എൻ.എൽ എരുമപ്പെട്ടി
2. ധന്വന്തരി ആയുർവ്വേദ ഭവൻ ലിമിറ്റഡ്

3. മുത്തൂറ്റ് ഫിൻ.കോർപ്പ്

4. കൊശമറ്റം ഫിനാൻസ്

5. ഖാദി സെന്റർ എരുമപ്പെട്ടി

6. ഖാദി പ്രൊഡക്ഷൻ സെന്റർ കുണ്ടന്നൂർ

7. പുനർജനി നാച്ചുറോപ്പതി ആശുപത്രി

മേൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളുടേയും, വ്യക്തികളുടേയും വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതും യഥാസമയം നോട്ടീസ് നൽകി സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ രേഖപ്പെടുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-2 കുടിശ്ശിക വാടക ഈടാക്കേണ്ടതാണ്

വാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ വാടക അടവാക്കുന്നതിൽ കുടിശ്ശിക വരുത്തിയിട്ടുള്ളതായി കാണുന്നു.

| നം. | കെട്ടിട നമ്പർ | സ്ഥാപനം | കുടിശ്ശിക |
|---|---|---|---|
| 1 | XVI/445 | പ്രസ്സ് | 78912/- |
| 2 | XVI/446 | മാവേലി സ്റ്റോർ | വാടക നാളിതുവരെയായി അടവാക്കിയിട്ടില്ല. |

മേൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം.6/1.12.16)

## 2-3 വാടക-കുടിശ്ശിക അപാകതകൾ

വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും പ്രിന്റിംഗ് പ്രസ്സ്, മാവേലി സ്റ്റോർ, അമൃതം ഫുഡ്സ് എന്നീ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കുന്ന വാടകയിൽ കുടിശ്ശിക ഉള്ളതായി കാണുന്നു. എന്നാൽ തയ്യാറാക്കി സമർപ്പിച്ചിരിക്കുന്ന വാർഷിക ധനകാര്യ പത്രിക പ്രകാരം വാടക കുടിശ്ശിക ഉള്ളത് അമൃതം ഫുഡ്സിന്റേതുമാത്രമാണ്. ഈ പൊരുത്തകേടിന്റെ കാരണം വിശദീകരിക്കേണ്ടതാണ്. കൂടാതെ വാടകയുടെയും വസ്തു നികുതിയുടേയും D.C.B തയ്യാറാക്കിയിട്ടില്ല.(ഓഡിറ്റ് എൻക്വയറി നം.9/7.12.16) ഡി.സി.ബി തയ്യാറാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവ് വിളക്കുകൾക്ക് കുറഞ്ഞ താരിഫ് പ്രയോജനപ്പെടുത്തുന്നില്ല

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന തെരുവ് വിളക്കുകളുടെ എണ്ണം താഴെ പറയുന്ന പ്രകാരമാണ്.

| നം. | ഇനം | വാട്ട്സ് | താരിഫ് | എണ്ണം | തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | സാധാരണ ബൾബ് | 40 | 61 | 585 | 35685 |
| 2 | ട്യൂബ് ലൈറ്റ് | 40 | 124 | 323 | 40052 |
| 3 | CFL | 11 | 14 | 690 | 9660 |
| 4 | SLV | 250 | 414 | 22 | 9108 |
| ആകെ | എണ്ണം : 1620 | | തുക : 94505 | | |

ഈയിനത്തിൽ തൻ വർഷം 1,134,060 രൂപയുടെ ചെലവ് വന്നിട്ടുണ്ട്. താരിഫ് നിരക്ക് കൂടുതലുള്ള സാധാരണ ബൾബുകളുടേയും, ട്യൂബ് ലൈറ്റുകളുടേയും സ്ഥാനത്ത് CFL ബൾബുകൾ ഉപയോഗിച്ചിരുന്നുവെങ്കിൽ ബിൽ തുകയിൽ തൻവർഷത്തിൽ കുറവ് ലഭിക്കുമായിരുന്ന തുക താഴെ ചേർക്കുന്നു.

| ഇനം | എണ്ണം xസി.എഫ്. എൽ നിരക്ക് | പ്രതിമാസം | ഒരു വർഷത്തേക്ക് | നിലവിൽ അടവാക്കുന്നത് | വ്യത്യാസം |
|---|---|---|---|---|---|
| സാധാരണ ബൾബ് | 585 x14 | 8190 | 98280 | 428220 | 329940 |
| ട്യൂബ് ലൈറ്റ് | 323 x14 | 4522 | 54264 | 480624 | 426360 |
| | | ആകെ | 152544 | 908844 | 756300 |

കുറവ് ലഭിക്കുമായിരുന്ന തുക 756300

ടി കാര്യത്തിന് നൽകിയ അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി പ്രകാരം സാധാരണ ബൾബുകൾ ഉപയോഗശൂന്യമാകുന്ന മുറക്ക് CFL ബൾബുകൾ മാറ്റി സ്ഥാപിക്കുമെന്നാണ് അറിയിച്ചിരിക്കുന്നത്. തൽ വർഷത്തിൽ സെക്രട്ടറിയുടെ പ്രൊജക്റ്റിന്റെ ഭാഗമായി 798 CFL ബൾബുകൾ വാങ്ങിയിട്ടുണ്ട്. മേൽ പറഞ്ഞിരിക്കുന്നപ്രകാരമുള്ള കാലതാമസം ഉണ്ടാകുന്ന പക്ഷം CFL ബൾബുകൾക്ക് വിൽപ്പന തിയ്യതി മുതൽ നിശ്ചിത കാലയളവിലേക്ക് മാത്രം ലഭ്യമാക്കുന്ന ഗാരന്റി നഷ്ടപ്പെടുന്നതിനുള്ള സാഹചര്യമുണ്ട്. തനത് ഫണ്ടിൽ നിന്നും ഇത്രയും വലിയ തുകയുടെ അധിക ചെലവ് വരുത്തുന്നത് ആശാസ്യകരമല്ല. വേണ്ടുന്ന മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 എസ്.സി.കോളനികളിൽ സി.എഫ്.എൽ റിപ്പയറിംഗ്- പദ്ധതിയിലെ അപാകതകൾ

പ്രോജക്ട് നം-133/15-16

തുക-65850/-

ബിൽ നം-5/15-16/18.12.15

കരാറുകാരൻ-ടി.പി.അബ്ദുൾ കബീർ,

എ.കെ.ഇലക്ട്രിക്കൽസ്, കുറ്റനാട്.

ക്വട്ടേഷൻ ക്ഷണിച്ച് ഗുണനിലവാരമുള്ള ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. പ്രവൃത്തി നടത്തുന്നതിനായി മെമ്പർമാർ പ്രൊപ്പോസലുകൾ നല്കിയതിന്റെയും ആയത് ലഭിച്ചതനുസരിച്ച് പ്രവൃത്തി നടത്തിയതിന് സാക്ഷ്യപത്രങ്ങളും ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഏതൊക്കെ നമ്പറുകളിലുള്ള പോസ്റ്റുകളിലാണ് റിപ്പയറിംഗ് നടത്തിയിട്ടുള്ളത് എന്ന് വ്യക്തമല്ല. തെരുവുവിളക്കുകളുടെ സ്റ്റോക്ക്, അറ്റകുറ്റപ്പണികൾക്കായി ഉപകരണങ്ങൾ, തെരുവിളക്കുകൾ എന്നിവ വാങ്ങി നൽകിയതിന്റെ വിവരങ്ങൾ ഉൾപ്പെടുന്ന രജിസ്റ്റർ എന്നിവ ലഭ്യമാക്കിയിട്ടില്ല. തൃപ്തികരമായ വിശദീകരണം ലഭ്യമാക്കാത്തതിനാൽ ഇതിനായി ചെലവഴിച്ച 65,850 രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.7/3.12.16)

## 3-3 വിനിയോഗസർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തിയ പ്രോജക്റ്റുകൾക്ക് വിനിയോഗസർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

| നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് | പ്രോജക്റ്റിന്റെ വിവരം | തുക | തുകയുടെ വിശദവിവരം |
|---|---|---|---|
| 1.വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | പ്രോജക്റ്റ് നം- SOO11/16<br>ഐ.എ.വൈ അഡീഷനൽ ഷെയർ<br>വടക്കാഞ്ചേരി ബ്ളോക്കിലേക്ക് നല്കിയത് | 600000/- | ബിൽ നം.4/ 15-16/16.12.15<br>ഡി.ഡി.നം.745047/ 21.12.15 |
| 2.അസിസ്റ്റന്റ് സെക്രട്ടറി | പ്രോജക്റ്റ് നം- SOO11/16<br>ഐ.എ.വൈ അഡീഷനൽ ഷെയർ വടക്കാഞ്ചേരി ബ്ളോക്കിലേക്ക് നല്കിയത് | 4,40,000/- | ബിൽ നം.123/ 15-16/18.12.15, ഡി.ഡി.നം.208003/ 22.12.15,<br>രസീത് നം.60/22.1.16 |
| 3. -ടി- | പ്രോജക്റ്റ് നം- SO101/16<br>ആശ്രയ ഭവന പദ്ധതി(പട്ടികജാതി)<br>മെംബർ സെക്രട്ടറി & ചെയർപേഴ്സൺ, കുടുംബശ്രീ, എരുമപ്പെട്ടി. | 500000/- | ബിൽ നം.8/ 15-16/25.2.16, ഡി.ഡി.നം.210688/ 5.3.16,സാംഖ്യ വൗച്ചർ നം.21500966/ 27.2.16 |

ഓഡിറ്റ് എൻക്വയറി നമ്പർ 2/2.12.16 നല്കിയെങ്കിലും തൃപ്തികരമായ മറുപടി ലഭ്യമാക്കാത്തതിനാൽ 1540000 രൂപയുടെ മേൽ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 സെക്രട്ടറിയുടെ പ്രോജക്ട് - അപാകതകൾ

സെക്രട്ടറിയുടെ പ്രോജക്ടുകൾ പരിശോധന നടത്തി കണ്ടെത്തിയ അപാകതകൾ താഴെച്ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നമ്പർ | വിഷയം | തുക | തുകയുടെ വിശദ വിവരം | വിശദീകരണം ലഭ്യമാക്കേണ്ടതാണ് |
|---|---|---|---|---|---|
| 1 | SO084/16 | വിവിധ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ബില്ലുകൾ അടവാക്കൽ | 4,00,000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം) | ബിൽനമ്പർ. 39/31-3-16<br><br>വൗച്ചർ നമ്പർ. 174/3-16/31-3-16 | പഞ്ചായത്തിൽ നിലവിൽ ആകെയുള്ള കുടിവെള്ള പദ്ധതികളുടെ എണ്ണം, പ്രതിമാസം ഇവയ്ക്കായി അടവാക്കുന്ന വൈദ്യുതി ചാർജ്ജ്, ഓരോ പദ്ധതികളുടെയും ഗുണഭോക്താക്കളുടെ എണ്ണം, ഗുണഭോക്തൃ സമിതികൾ രൂപീകരിച്ച് കൈമാറ്റം ചെയ്യാത്തവയ്ക്ക് വെള്ളക്കരം ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. |
| 2 | SOO 85/16 | പഞ്ചായത്തിന്റെ തെരുവു വിളക്കുകളുടെ റിപ്പയറിംഗ് (സി. എഫ്. എൽ. ട്യൂബ് ലൈറ്റ്, സോഡിയം വേപ്പർ ലാമ്പ്) | 349971 മെയിന്റനൻസ് ഫണ്ട് റോഡിതരം | ബിൽ നമ്പർ.35/31-3-16<br><br>വൗച്ചർ നമ്പർ. (101/3-16/22-3-16 174301/- (171/3-16/31-3-16) | ഓരോ വാർഡിലെയും തെരുവു വിളക്കുകളുടെ എണ്ണം, ഇനം തിരിച്ചുള്ള വിവരം, വർഷാവസാനം ആയതിന്റെ സ്റ്റോക്ക് ഭൗതിക പരിശോധന നടത്തി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയതിന്റെ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. |
| | SOO 119/16 | പദ്ധതി രൂപീകരണവും മോണിറ്ററിംഗും | 79,360/- വികസന ഫണ്ട് (പൊതുവിഭാഗം) | ബിൽ നമ്പർ. (1/15-16 /29-6-15) 49440/- വൗച്ചർ നമ്പർ. 72/6-15 /30-6-15)<br><br>ബിൽ നമ്പർ. (3/15-16 /19-8-15) 500/- വൗച്ചർ. നമ്പർ. 82/10-15/21-10-15)<br><br>ബിൽ നമ്പർ.(10/15-16 /11-9-15)11400/-<br><br>വൗച്ചർ നമ്പർ. 85/10-15/21-10-15 | അടുത്ത വർഷത്തെ പദ്ധതികളുടെ മോണിറ്ററിംഗ് ചെലവുകൾക്ക് സ്പിൽ ഓവർ ആയി പ്രൊജക്ട് വെച്ചത് വിശദീകരിക്കേണ്ടതാണ്. ഫണ്ടിന്റെ ലഭ്യത ഉറപ്പു വരുത്തേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടുകൂടി തയ്യാറാക്കിയ നിർവ്വഹണ കലണ്ടർ ഹാജരാക്കിയിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| | | | | ബിൽ നമ്പർ.11/15-16 /17-10-15<br>10960/- രൂപ<br><br>വൗച്ചർ നമ്പർ.66/11-15 /25-11-15)<br><br>ബിൽ നമ്പർ.(12/15-16 /23-12-15)<br>2500/-<br><br>വൗച്ചർ നമ്പർ. 130/12-15/30-12-15)<br><br>ബിൽ നമ്പർ.(24/15-16 /25-2-16)<br>4,560<br><br>വൗച്ചർ നമ്പർ. 82/3-16 /22-3-16 | |
| 4 | SOOO1/16 | പദ്ധതി രൂപീകരണവും മോണിറ്ററിംഗും | 15800/- വികസന ഫണ്ട് (പൊതു വിഭാഗം) | ബിൽ നമ്പർ. 25/21-3-16<br>വൗച്ചർ നമ്പർ. 102/3-16 /22-3-16 | ,, |
| 5 | SO120/16 | ബാലസഭാ പ്രവർത്തനങ്ങൾ | 50,000 (ധനകാര്യ കമ്മീഷൻ അവാർഡ് ) | ബിൽ നമ്പർ. 2/11-8-15 (ബിൽ ബുക്കിൽ 2 മുതൽ 7 വരെ ബില്ലുകൾ മാറി ക്യാഷ് ബുക്കിൽ വരവ് വെച്ചതിന്റെ തിയ്യതി ചേർത്തിട്ടില്ല. ഡ്രോയിംഗ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല)<br>വൗച്ചർ നമ്പർ. 166/3-16 /31-3-16 | ബാലസഭാ പ്രവർത്തനങ്ങൾ നടത്തിയതിന്റെ കലണ്ടർ, പദ്ധതിയുടെ മോണിറ്ററിംഗും അവലോകനവും നടത്തിയതിന്റെ വിവരം, ബാലനീതി, അവകാശങ്ങൾ (തദ്ദേശ ഭരണ സ്ഥാപനത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ടുള്ളത് ) ഉറപ്പു വരുത്തുന്നതിന്റെ പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കിയിട്ടില്ല. തൃപ്തികരമായ മറുപടി ലഭ്യമാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ8/6-12-16) |
| 6 | SO122/16 | പഞ്ചായത്തിലെ തെരുവു വിളക്കുകളുടെ റിപ്പയറിംഗ് (സി. എഫ്. എൽ. ട്യൂബ് | 1,00,000/- മെയിന്റനൻസ് ഫണ്ട് (റോഡിതരം) | ബിൽ നമ്പർ. 26/21-3-16<br>വൗച്ചർ നമ്പർ. 100/3-16 /22-3-16 | റിപ്പയറിംഗ്, റീപ്ലേസ്മെന്റ് എന്നിവ നടത്തിയതിന്റെ വിവരങ്ങളടങ്ങിയ രജിസ്റ്റർ തദ്ദേശ ഭരണ സ്ഥാപനം സൂക്ഷിച്ചിട്ടില്ല. വാർഡ് തിരിച്ചുള്ള പോസ്റ്റുകളുടെ എണ്ണം, വിവരം |

| | | | | | |
|---|---|---|---|---|---|
| | | ലൈറ്റ്, സോഡിയം വേപ്പർ ലാമ്പ്) | | | കെ. എസ്. ഇ. ബിയിൽ നിന്ന് ലഭ്യമാക്കേണ്ടതാണ്. നമ്പറിങ്ങില്ലാത്ത പോസ്റ്റുകളിൽ റിപ്പയറിംഗ് ആന്റ് റീപ്ലേസ് മെന്റ് നടത്തുന്നതിന്റെ വിവരം പ്രത്യേകം സൂക്ഷിക്കേണ്ടതും മോണിറ്റർ ചെയ്യേണ്ടതുമാണ്. മെമ്പർമാർ റിപ്പയറിംഗിനുള്ള പ്രൊപ്പോസൽ നൽകേണ്ടതും മേൽപ്പറഞ്ഞ പോസ്റ്റുകളിൽ റിപ്പയർ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് (പോസ്റ്റുകളുടെ കൃത്യമായ നമ്പർ സഹിതം) എന്നു സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.<br><br>7-ാം വാർഡിൽ 56 സി.എഫ്. എൽ-കളും 11 ട്യൂബുകളും റിപ്പയർ ചെയ്തതിന് തുക നൽകിയിട്ടുണ്ടെങ്കിലും 19 സി.എഫ്. എൽ-കളും 2 ട്യൂബ് ലൈറ്റുകളും റിപ്പയർ ചെയ്തതായാണ് വാർഡ് മെമ്പർ ശ്രീ. സുനീഷ് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. ബാക്കിയുള്ളവ റിപ്പയർ ചെയ്തതിന് രേഖകളില്ല. |
| 7 | SO126/16 | അതുല്യം സാക്ഷരതാ പദ്ധതി | 25,000/- മെയിന്റനൻസ് ഫണ്ട് (റോഡിതരം) | ബിൽ നമ്പർ.37/31-3-16 വൗച്ചർ നമ്പർ. 193/3-16 /31-3-16 | കേരള സ്റ്റേറ്റ് ലിറ്ററസി മിഷൻ അതോറിറ്റിയുടെ നേതൃത്വത്തിൽ പഞ്ചായത്തിൽ നടത്തിയ *"അതുല്യം"* പ്രാഥമിക വിദ്യാഭ്യാസ പരിപാടിക്കായി മേൽപ്പറഞ്ഞ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്യപ്രാപ്തി കൈവരിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ക്ലാസ്സുകളുടെ വിലയിരുത്തൽ, മോഡൽ പരീക്ഷ, മൂല്യനിർണ്ണയം, ഫല പ്രഖ്യാപനം, ഇവാല്യേഷൻ എന്നിവ നടത്തിയതിനു ശേഷമുള്ള സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പ്രഖ്യാപനത്തോടുകൂടി മാത്രമാണ് പദ്ധതി |

| | | | | | |
|---|---|---|---|---|---|
| | | | | | പൂർത്തീകരിക്കപ്പെടുന്നത്. മേൽപ്പറഞ്ഞ നടപടി ക്രമങ്ങൾ പൂർത്തീകരിച്ചതിന്റെ രേഖകൾ (സർട്ടിഫിക്കറ്റുകൾ) ലഭ്യമാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു. |

ക്രമ നം. 2, 5, 6, 7 പ്രകാരമുള്ള ആകെ തുക തടസ്സപ്പെടുത്തുന്നു.

## 3-5 കമ്പ്യൂട്ടർ വാങ്ങൽ -അപാകതകൾ

പ്രോജക്ട് നം-SO127/16

തുക- 262798/-(ലോകബാങ്ക് ധനസഹായം)

ബിൽ നം-39/31.3.16

വൗച്ചർ നം-200/3-16/31.3.16

സാംഖ്യ വൗച്ചർ നം-21501172/31.3.2016

ഡി.ഡി.നം-212600/6.4.2016

എ ഡോട്ട് കമ്പ്യൂട്ടർ, പടിഞ്ഞാറെക്കോട്ട, തൃശ്ശൂർ

ഇൻവോയ്സ് നം-TCB2620/30.3.16

മേൽപ്പറഞ്ഞു പ്രകാരം ഏസർ ഡെസ്ക്ടോപ്പ് കംപ്യൂട്ടർ(5എണ്ണം),ഓൺലൈൻ യു.പി.എസ്എക്സൈഡ്(4എണ്ണം) എന്നിവ വാങ്ങിയപ്പോൾ പ്രൊക്യൂർമെൻറ് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. ക്വട്ടേഷൻ ക്ഷണിച്ചതിൽ സ്പെസിഫിക്കേഷനിലുള്ള പ്രകാരമാണ് കംപ്യൂട്ടർ സാമഗ്രികൾ ലഭ്യമാക്കേണ്ടത്. എന്നാൽ വിവിധ സ്ഥാപനങ്ങളുടെ ക്വട്ടേഷൻ പ്രകാരമുള്ള വ്യത്യസ്ത ബ്രാൻഡുകളുടെ വില താരതമ്യം ചെയ്താണ് വാങ്ങൽ നടത്തിയിരിക്കുന്നത്. വിശദീകരണം തൃപ്തികരമല്ലാത്തതിനാൽ തുക 2,62,798 രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.15/7.12.16)

## 3-6 ആയുർവ്വേദ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള പദ്ധതികളിലെ അപാകതകൾ

1.ആയുർവ്വേദ ആശുപത്രിക്ക് മരുന്നുകൾ വാങ്ങൽ.

പ്രോജക്ട് നം-SO024/16

തുക-7,50,000/-

ബിൽ നം-3/15-16/11.9.15

ഡി.ഡി.നം.984121/15.9.15

മേൽപ്പറഞ്ഞ പ്രോജക്ടിനായി മരുന്നുകൾ വാങ്ങി നല്കിയിരിക്കുന്നത് ഔഷധി കുട്ടനെല്ലൂർ എന്ന സ്ഥാപനത്തിൽ നിന്നാണ്. എന്നാൽ 28.9.2005ലെ ജി1-7913/95 ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരമുള്ള മരുന്നുകളുടെ ആവശ്യകതക്കനുസരിച്ചുള്ള ഇന്റന്റ് തയ്യാറാക്കി പഞ്ചായത്ത് സമിതിയുടെ അംഗീകാരത്തോടെ ഔഷധിക്ക് അയച്ചു കൊടുക്കണമെന്ന നിബന്ധന പാലിച്ചിട്ടില്ല. 22.9.15ൽ ഔഷധിയുമായി കരാർ വച്ചിരിക്കുന്നത് മുദ്രപത്രത്തിലല്ല. കൂടാതെ തുക നല്കിയിരിക്കുന്ന 15.9.15 ന ശേഷം 13.10.15 ൽ മാത്രമാണ് നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണ്.

2.ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ

പ്രോജക്ട് നം-S0023/16

തുക-37000/-

ബിൽ നം-12/15-16/29.3.16

സെൻട്രൽ സർജിക്കൽസ്, തൃശ്ശൂർ

മേൽപ്പറഞ്ഞപ്രകാരം ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് ഉപകരണങ്ങൾ വാങ്ങി നല്കിയിട്ടുണ്ട് എന്നാൽ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെ (ജി.ഒ(പി)259/10 എൽ.എസ്.ജി.ഡി. തിയ്യതി 8-11-2010) വാങ്ങൽ നടത്തുകയും ചെലവിന് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കുകയും ചെയ്തിട്ടില്ല. വാങ്ങൽ പ്രക്രിയയിൽ ഏർപ്പെട്ടിട്ടുള്ള സ്ഥാപനവുമായി കരാർ വച്ചിട്ടില്ല. വിശദീകരണം തൃപ്തികരമല്ല. (ഓഡിറ്റ് എൻക്വയറി നം.3/2.12.16 ന് ലഭ്യമാക്കിയ മറുപടി). ആയതിനാൽ ഇതുമായി ബന്ധപ്പെട്ട 7,87,000 രൂപ തടസ്സപ്പെടുത്തുന്നു.

## 3-7 ഡെപ്പോസിറ്റ് പ്രവൃത്തികൾ (15-16) നാളിതുവരെ പൂർത്തിയായിട്ടില്ല

| ക്രമനം. | ട്രഷറി ബിൽ നം. | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | നിക്ഷേപിക്കുന്ന ഏജൻസി/ കരാർ നം |
|---|---|---|---|---|
| 1 | 67/ 30.01.16 | കുണ്ടന്നൂർ തിരുത്ത് കുടിവെള്ള പദ്ധതിക്ക് ബോർവെൽ നിർമ്മാണം. 209/16 | 166,000 | GW 6/15-16 dt 30.01.16 |
| 2 | 68/ 30.01.16 | കോട്ടപ്പുറം കണ്ണംപാറപടി കുടിവെള്ള പദ്ധതി 197/16 | 787,708 | GW 7/15-16 dt 30.01.16 |
| 3 | 70/ 30.01.16 | കരിയന്നൂർ SC കോളനി വാട്ടർ കണക്ഷൻ 71/16 | 700,000 | GW 9/15-16 dt 30.01.16 |
| 4 | 71/ 30.01.16 | SC ഫ്ലാറ്റിന് കുടിവെള്ള സൗകര്യം 209/16 | 300,000 | GW 10/15-16 dt 30.01.16 |
| 5 | 72/ 30.01.16 | കുട്ടഞ്ചേരി നെല്ലിക്കുന്ന് കോളനി കുടിവെള്ള പദ്ധതി. 94/16 | 10,00,000 | GW 8/15-16 dt 30.01.16 |
| | | ആകെ | 29,53,708 | |

ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തിയായിട്ടില്ല. പൂർത്തിയാക്കുന്ന മുറക്ക് ടി പ്രവൃത്തികളുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. അതുവരെ ചെലവുകൾ തടസ്സപ്പെടുത്തുന്നു.

## 3-8 പഞ്ചായത്ത് ഓഫീസ് നവീകരണം സിഡ്കോവിന് പ്രവൃത്തി ഏല്പ്പിച്ചു നല്കി- രേഖകളുടെ അഭാവം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഏജൻസി : സിഡ്കോ

പ്രോജക്ട് നം : 166/16

അടങ്കൽ : 14,00,000

കരാർ : 74/AE/LSGD/EMPTY/15-16 DT 4/2/16

പഞ്ചായത്ത് ഓഫീസ് നവീകരണം എന്ന പ്രോജക്ടിനുവേണ്ടി തൻവർഷം രണ്ടു ബില്ലുകളിലായി SIDCO വിന് 13,96,911 രൂപ കൈമാറിയിട്ടുണ്ട്.

1. 99/15-16 dt. 31.03.2016 - 8,50,000
2. 100/15-16 dt. 31.03.2016 - 5,46,911

ആകെ : 13,96,911

എന്നാൽ പദ്ധതിയുടെ എം.ബുക്ക്, ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ മേൽനോട്ടം നടത്തിയതിന്റെ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. കരാറിൽ പ്രവൃത്തിയുടെ ആരംഭം, പൂർത്തീകരണം എന്നിവ വ്യവസ്ഥ ചെയ്തിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കുന്നത് വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-9 കോൺക്രീറ്റ് റോഡ് പ്രവൃത്തി അനുവദനീയമായതിലും അധികം കനത്തിൽ നടത്തി.

കോൺക്രീറ്റ് റോഡ് പ്രവൃത്തി അനുവദനീയമായതിലും അധികം കനത്തിൽ നടത്തി. താഴെ പറയുന്ന കോൺക്രീറ്റ് റോഡ് പ്രവൃത്തികൾക്ക് cc 1:4:8, 0.10 cm കനത്തിലും അതിനു മുകളിൽ cc 1:2:4, 0.075 കനത്തിലുമാണ് ചെയ്തു കാണുന്നത്. അതായത് ആകെ കനം = 0.10 +0.075 =0.175cm. 0.025 കനം അധികം ചെയ്തതിന് വിശദീകരണം നൽകേണ്ടതാണ്.

| ക്രമ നം. | പ്രോജക്ടിന്റെ പേര് / നം. | കൺവീനർ | ട്രഷറി ബിൽ നം. | ബിൽ തുക |
|---|---|---|---|---|
| 1 | പാലാഴി റോഡ് കോൺക്രീറ്റ് 55/16 | സുധിൻ AD | 53/15-16 dt 17.12.2015 | 4,23,490 |
| 2 | ചിറ്റണ്ട ഉദയക്ലബ് റോഡ് കോൺക്രീറ്റിംഗ് 34/16 | കെ.ജയരാജൻ | 46/15-16 dt 14.12.2015 | 3,99,126 |

| | | | | |
|---|---|---|---|---|
| 3 | പതിയാരം മുത്തേടത്ത്പടിറോഡ് കോൺക്രീറ്റിംഗ് 194/16 | മനോഹരൻ | 52/15-16 dt 17-12-2015 | 3,99,076 |
| 4 | കൊട്ടാരവളപ്പിൽ റോഡ് കോൺക്രീറ്റിംഗ് 40/16 | ഫ്രാങ്കോ M.A | 47/15-16 dt 14.12.2015 | 2,12,106 |
| 5 | കുണ്ടന്നൂർ തെക്കേക്കര ആലപ്പാടൻ റോഡ് കോൺക്രീറ്റിംഗ് 60/16 | ബിനോജ് | 65/15-16 dt 29.01.2016 | 4,94,340 |
| 6 | കുണ്ടന്നൂർ തിരുത്ത് നാരയണൻവൈദ്യർപടി കോൺക്രീറ്റിംഗ് 185/16 | ചന്ദ്രൻ | 92/15-16 dt 24.3.16<br>0440340 dt 24.3.16 | 2,99,859<br>2,49,038 |
| 7 | ചിറ്റണ്ട ലക്ഷംവീട് റോഡ് കോൺക്രീറ്റിംഗ് 49/16 | സുധീഷ് (കരാറുകാരൻ) | 73/15-16 dt 01.03.2016 | 4,94,323 |
| 8 | എരുമപ്പെട്ടി എൽ.പി.സ്കൂൾ റോഡ് കോൺക്രീറ്റിംഗ് 199/16 | ഫിജോ ജേക്കബ് | 87/15-16 dt 26.3.16<br>88/15-16 dt 26.3.16<br>89/15-16 dt 26.3.16 | 43,591<br>1,50,000<br>87,449 |
| 9 | കൊടക്കുന്ന് റോഡ് കോൺക്രീറ്റിംഗ് 76/15 | വിമല | 101/15-16 dt31.3.16 | 1,99,250 |
| 10 | മുരിങ്ങാത്തേരി പാടശേഖരം റോഡ് കോൺക്രീറ്റിംഗ് 42/16 | വേണുഗോപാൽ | 42/15-16 dt 29.1.16 | 1,97,666 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| വടക്കാഞ്ചേരി ബ്ളോക്ക് പഞ്ചായത്ത് | 100200 | ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് S0031/16 | 100200 | ഇല്ല. |
| ജില്ലാ പഞ്ചായത്ത് | 100000 | " | 100000 | ഇല്ല. |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിനായി മുൻകൂർ നല്കിയതിന്റെ വിവരങ്ങൾ, തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം/ചെക്ക് നം | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ജി.ഡി. ഡബ്ള്യൂ. എസ് | കരിയന്നൂർ കോളനി പട്ടികജാതി സങ്കേതത്തിൽ കുടിവെള്ള പദ്ധതി | 209872 | 700000 | 700000 | 0 |
| ജി.ഡി. ഡബ്ള്യൂ. എസ് | കുട്ടഞ്ചേരി നെല്ലിക്കുന്ന് കോളനി കുടിവെള്ളപദ്ധതി | 210175 | 1000000 | 1000000 | 0 |
| ജി.ഡി. ഡബ്ള്യൂ. എസ് | കോട്ടപ്പുറം കണ്ണമ്പാറപ്പടി കുടിവെള്ളപദ്ധതി | 209871 | 787708 | 787708 | 0 |
| ജി.ഡി. ഡബ്ള്യൂ. എസ് | കുണ്ടന്നൂർ തിരുത്ത് കുടിവെള്ളപദ്ധതി ബോർവെൽ നിർമ്മാണം | 209870 | 166000 | 166000 | 0 |

| | | | | | |
|---|---|---|---|---|---|
| ജി.ഡി. ഡബ്ള്യു. എസ് | പട്ടികജാതിക്കാർക്കുള്ള ഫ്ളാറ്റിന് കുടിവെള്ള സംവിധാനം | 209873 | 300000 | 300000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല.

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2002-2003 | 2006-2007 ഖ.3.53.1 | മുൻകൂർ കൈപ്പറ്റിയിട്ടും പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ഓഡിറ്റിന് ഹാജരാക്കാത്തത് സംബന്ധിച്ച് | ഈ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. അഡ്വാൻസ് തുക ഫൈനൽ ബില്ലിൽ ക്രമീകരിച്ചിട്ടുണ്ട്. ന്യൂനത പരിഹാര പത്രിക 15/10/14 ന് സമർപ്പിച്ചിട്ടുണ്ട്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 39007995 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 56792700 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 75,31,238 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 65850/- | ശ്രീമതി.വൃന്ദാ.വി<br>അസിസ്റ്റന്റ് സെക്രട്ടറി |
| 3-3(1) | 600000/- | പ്രസൂൺ പവിത്രൻ<br>വില്ലേജ് എക്സ്റ്റൻഷൻ<br>ഓഫീസർ |
| 3-3(2) | 440000/- | ശ്രീമതി.വൃന്ദാ.വി<br>അസിസ്റ്റന്റ് സെക്രട്ടറി |
| 3-3(3) | 500000/- | -ടി- |
| 3-4(2) | 349971/- | ശ്രീ.എൻ.ഹരികുമാർ<br>സെക്രട്ടറി |
| 3-4(5) | 50000/- | -ടി- |
| 3-4(6) | 1,00,000 | -ടി- |
| 3-4(7) | 25000/- | -ടി- |
| 3-5 | 262798/- | -ടി- |
| 3-6 | 787000/- | ഡോ.സ്മിനി മുഞ്ഞേലി<br>ആയുർവ്വേദ ഡോക്ടർ |
| 3-7 | 29,53,708 | ശ്രീ. എൻ. ഹരികുമാർ, സെക്രട്ടറി |
| 3-8 | 1396911 | അസിസ്റ്റന്റ്<br>എഞ്ചിനീയർ |
| ആകെ | 7531238 | |

സി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1980-81 | |
| 1981-82 | |
| 1982-83 | എൽ.എഫ്. ടി 20 – 1249/98 /28.9.98 |
| 1983-84 | |
| 1984-85 | |
| 1985-86 | എൽ.എഫ്. ടി 7 – 326/90/6.8.1990 |
| 1986-87 | എൽ.എഫ്. ടി 7 – 326/90/6.8.1990 |
| 1987-88 | എൽ.എഫ്. ടി 7 – 829/90/10.10.19991 |
| 1988-89 | എൽ.എഫ്. ടി 9 – 230/1993/21.7.1993 |
| 1989-90 | എൽ.എഫ്. ടി 9 – 230/1993/21.7.1993 |
| 1989-90, 1991-92 | എൽ.എഫ്. ടി 9 – 362/1993/14.5.1993 |
| 1992-93, 1993-94 | എൽ.എഫ്. ടി 9 – 431/95/25.6.96 |
| 1994-95 | എൽ.എഫ്. ടി 20 – 75/2001/07.4.2001/31.5.2001 |
| 1995-96 | എൽ.എഫ്. ടി 20 – 89/2001/7.4.2001 / 31.5.2001 |

| | |
|---|---|
| 1996-97 | എൽ.എഫ്. ടി 9 – 426/98/26.9.98 |
| 1997-98, 1998-99 | എൽ.എഫ്. ടി 20 – 20/1734/1999/5.8.2000 |
| 1999-2000 | എൽ.എഫ്. ടി 20 – 20/685/2004 |
| 2000-2001, 2001-02 | എൽ.എഫ്. ടി 17/686/2004 |
| 2002-03 | എൽ.എഫ്. ടി 17 – 444/ 2006/17.6.2006 |
| 2003-04 | എൽ.എഫ്. ടി 17 – 2207/2007/31.5.08 |
| 2004-05 | എൽ.എഫ്. ടി 17 – 2425/2007/31.5.08 |
| 2005-06 | എൽ.എഫ്. ടി 17- 2426/2007/16.10.08 |
| 2006-07 | എൽ.എഫ്. ടി 17 – 1130/10/20.1.2011 |
| 2007-08 | എൽ.എഫ്. ടി 17 – 1131/10/ 20.1.2011 |
| 2008-09 | എൽ.എഫ്. ടി ( പി3) 218/11/29.11.2011 |
| 2009-10 | എൽ.എഫ്. ടി (പി 3) 218/11/29.11.2011 |
| 2010-11 | എൽ.എഫ്. ടി (പി 1)2274 / 12/8.3.13 |
| 2011-12 | എൽ.എഫ്. ടി ( പി 1) 732/13/12.8.13/ 17.10.13 |
| 2012-13 | എൽ.എഫ്. ടി ( പി 5) 2148 / 13/ 5.7.14 /30.9.14 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.പി.5.327/ 15/20.8.15/5.10.15 |

| | |
|---|---|
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.പി.5/1217/16/23.7.16 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം.1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.ടി.എസ്.ആർ./പി5/2227/2016

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ-20
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഫോൺ- 0487 2331249

ഇ.മെയിൽ-dotsr.ksad@kerala.gov.in

തീയ്യതി: 6-1-2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

No.KSA.TSR(P5)2227/2016

Kerala State Audit Department
District Audit Office,
Thrissur-20
Phone: 0487 2331249

E.mail- dotsr.ksad@kerala.gov.in
Date: 6-1-2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Erumapetty Grama Panchayat in Thrissur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Erumapetty Grama Panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director
District Audit Office
Thrissur